"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ലയിലെ പെരുവെമ്പ് ഗ്രാമപഞ്ചായത്തിന്റെ 2014-15 മുതൽ 2018-19 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ ലോക്കൽ ഓഡിറ്റ് റിപ്പോർട്ട് പരാമർശം- മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി തുക ചെലവഴിച്ച് തുണി സഞ്ചി വിതരണം ചെയ്ത നടപടി - സാധൂകരണം നൽകി - ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ(എഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1701/2026/LSGD തീയതി,തിരുവനന്തപുരം, 09-09-2026

പരാമർശം:-
1. സീനിയർ ഓഡിറ്റ് ഓഫീസർ, അക്കൗണ്ടന്റ് ജനറൽ ഓഫീസ്, തൃശ്ശൂരിന്റെ 14.05.2020, 07.01.2021-തീയതികളിലെ LBA(HQ)III/I/8A-150/2019-20/749, LBA(HQ)III/I/8A-150/2019-20/837 നമ്പർ ഓഡിറ്റ് റിപ്പോർട്ടുകൾ.

2. പ്രിൻസിപ്പൽ ഡയറക്ടറുടെ 13.09.2023 ലെ LSGD/PD/55057/2023-AM7 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ പെരുവെമ്പ് ഗ്രാമപഞ്ചായത്തിന്റെ 2014-15 മുതൽ 2018-19 വരെയുള്ള സിഎജിയുടെ ലോക്കൽ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.1 ലെ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 2.61 ലക്ഷം രൂപ ചെലവഴിച്ച് തുണി സഞ്ചി വിതരണം ചെയ്ത നടപടിക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കണമെന്ന് പരാമർശം (1) പ്രകാരം അക്കൗണ്ടന്റ് ജനറൽ നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിക്ക് സാധൂകരണം തേടികൊണ്ടുള്ള പെരുവെമ്പ് ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിന് ലഭ്യമാക്കുകയുണ്ടായി.

2) പെരുവെമ്പ് ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ, ഭരണ സമിതി അംഗീകാരത്തോടെയും സദുദ്ദേശത്തോടെയും, 2.6 ലക്ഷം രൂപ ചെലവഴിച്ച് തുണിസഞ്ചി വിതരണ പദ്ധതി നടപ്പിലാക്കിയതെന്നും, പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം ബോധവൽക്കരണം കൊണ്ട് മാത്രം മാറ്റാൻ കഴിയില്ല എന്നും ഈ കാര്യത്തിൽ ക്രിയാത്മകമായ നടപടികൾ കൂടിയേ തീരു എന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് ഈ പദ്ധതി വിഭാവനം ചെയ്തെന്നും, ഇത് പ്രകാരം പഞ്ചായത്തിലെ എല്ലാ വീടുകളിലും ഘടക സ്ഥാപനങ്ങളിലും തുണി സഞ്ചി വിതരണം ചെയ്തിട്ടുണ്ടെന്നും, പദ്ധതി ഉദ്ദേശ്യ ലക്ഷ്യം കാണുകയും പഞ്ചായത്ത് പ്രദേശങ്ങളിൽ ക്യാരിബാഗുകളുടെ ഉപയോഗം ഗണ്യമായി കുറയ്ക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ടെന്നും, ഗ്രാമ പഞ്ചായത്ത് പദ്ധതി വിജയകരമായി നടത്തിയത് പരിഗണിച്ച് പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ചത് മാപ്പാക്കി സാധൂകരണം നൽകണമെന്ന ഗ്രാമ പഞ്ചായത്തിന്റെ അപേക്ഷ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ ശിപാർശ സഹിതം പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം ലഭ്യമാക്കിയിരുന്നു.

3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. സർക്കാർ സാധൂകരണം ലഭ്യമാക്കണമെന്ന അക്കൗണ്ടന്റ് ജനറലിന്റെ നിർദ്ദേശവും, പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശയും പദ്ധതി നടപ്പിലാക്കിയതിലൂടെ ക്യാരിബാഗുകളുടെ ഉപയോഗം ഗണ്യമായി കുറയ്ക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ടെന്നതും പരിഗണിച്ച് 2014-15 മുതൽ 2018-19 വരെയുള്ള അക്കൗണ്ടന്റ് ജനറൽ ലോക്കൽ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.1 ലെ സർക്കാർ മാർഗ്ഗ

നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 2.61 ലക്ഷം രൂപ ചെലവഴിച്ച് തുണി സഞ്ചി വിതരണം ചെയ്ത പെരുവെമ്പ് ഗ്രാമപഞ്ചായത്തിന്റെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LIZY SUSAN JOHN
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I ), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് -I), ബ്രാഞ്ച് ഓഫീസ് , തൃശ്ശൂർ.
സെക്രട്ടറി, പെരുവെമ്പ് ഗ്രാമപഞ്ചായത്ത്, പാലക്കാട്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ സെക്ഷൻ പകർപ്പ്

ഉത്തരവിൻ പ്രകാരം
Digitally signed by
Jayakrishnan. K
Date: 09-09-2026
13:55:47
സെക്ഷൻ ഓഫീസർ